ഗവൺമെന്റ് തയ്യാറാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പുതുതായി അസിസ്റ്റന്റ് സർജനെ നിയമിക്കാൻ ബുദ്ധിമുട്ടാണ്. എന്നാലും കോൺട്രാക്ട് ബേസിസിൽ കഴിയുന്നത്ര ഡോക്ടർമാരെ നിയമിക്കുന്നതാണ്.

(4) ചാലക്കുടി നിയോജക മണ്ഡലത്തിലെ കൂടപ്പുഴ തടയണയുടെ നിർമ്മാണം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ആറ് മാസംകൊണ്ട് പൂർത്തിയാക്കാവുന്ന ഒരു പ്രോജക്ടാണ് സാധാരണഗതിയിൽ ഒരു തടയണ എന്നാണ് എന്റെ അറിവ്. കൂടപ്പുഴ തടയണയുടെ പണി ആരംഭിച്ചിട്ട് 96 മാസങ്ങളായി. എട്ട് കൊല്ലം. പണി ചെയ്യുന്നവനും ചെയ്യിക്കുന്നവനും ഗുണഭോക്താക്കളും ജനപ്രതിനിധികളും വെള്ളത്തിലായതു മിച്ചം. ദയവായി ഒന്ന് കര കയറ്റണം. ഒരു കാര്യം കൂടി, ചാലക്കുടിയിലെ കൂടപ്പുഴ തടയണയുൾപ്പെടെ ചെറുതും വലുതുമായ, മേജർ ആൻറ് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകൾ വഴി നടത്തേണ്ട മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ ഉദ്യോഗസ്ഥന്മാരെ വിളിച്ച് ഒരു ചർച്ച നടത്താമെന്ന് മിടുക്കനായ മന്ത്രി തന്നെ ഈ സഭയിൽ മറ്റൊരു അവസരത്തിൽ പറഞ്ഞിട്ടും ഒരു നടപടിയും ഉണ്ടായില്ല. ദയവായി കൂടപ്പുഴ തടയണയെങ്കിലും ഈ മഴക്കാലത്തിനു മുമ്പായി നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ ചുവപ്പുനാടയിൽ കുടുങ്ങാതെ ചെയ്തുതരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കൂടപ്പുഴ തടയണ 1996-ൽ ആരംഭിച്ചതാണ്. 12 മാസമാണ് അതിന്റെ പണി പൂർത്തിയാക്കാൻവേണ്ടി സമയം കൊടുത്തിരുന്നത്. പക്ഷേ ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ഈ കരാറുകാരൻ പണി നിർത്തിവച്ചു. പിന്നീട് ഒരു നടപടിക്രമം ഉണ്ട്. ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ട് പുതിയ കരാറുകാരനെ ഏൽപ്പിക്കുക എന്നത്. അതിനുള്ള നടപടികൾ സ്വീകരിച്ച് ടെർമിനേഷൻ നോട്ടീസ് ആയപ്പോൾ അയാൾ അഷ്വറൻസ് കൊടുത്തു, അയാൾ തന്നെ പണി ചെയ്യാം എന്ന്. അങ്ങനെ ചീഫ് എഞ്ചിനീയർ ഒരു അവസരം കൂടി അയാൾക്ക് കൊടുത്തു. ആ പെർമിഷൻ കിട്ടിയിട്ടും അയാൾ പണി ആരംഭിച്ചില്ല. ഇപ്പോൾ റിസ്ക് ആന്റ് കോസ്റ്റിൽ അയാളെ ടെർമിനേറ്റ് ചെയ്യാനുള്ള ഓർഡർ ആയിട്ടുണ്ട്. പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നുള്ള കാര്യം ഇപ്പോൾ പറയാൻ കഴിയില്ല. ചീഫ് എഞ്ചിനീയറോട് ചോദിച്ചശേഷം ബഹു. മെമ്പറെ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly